ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ഭാരതത്തിന്റെ ദേശീയ പാതകൾ അതോറിറ്റി ആക്റ്റ്, 1988

(1988-ലെ 68-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE NATIONAL HIGHWAYS AUTHORITY OF INDIA ACT, 1988

(ACT No. 68 OF 1988)

(As on 26th September, 2002)

വില : രൂപ 27.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2006.

## ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഭാരതത്തിന്റെ ദേശീയ പാതകൾ അതോറിറ്റി ആക്റ്റ്, 1988 (1988-ലെ 68-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലൈ 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 2-ാം വാല്യം 1-ാം നമ്പരായി 2 മുതൽ 16 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായി തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the National Highways Authority of India Act, 1988 (Act 68 of 1988) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 2, No. 1 dated 7th July, 2003 on pages 2 to 16.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,
*Secretary to the Government of India.*

# ഭാരതത്തിന്റെ ദേശീയ പാതകൾ അതോറിറ്റി ആക്റ്റ്, 1988

(1988-ലെ 68-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


വകുപ്പുകൾ | പേജ്

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും 1
2. നിർവചനങ്ങൾ 1

അദ്ധ്യായം II

ഭാരതത്തിന്റെ ദേശീയപാതകൾ അതോറിറ്റി

3. അതോറിറ്റിയുടെ രൂപവൽക്കരണം 2
4. അംഗങ്ങളുടെ ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും 2
5. അംഗമായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യതകൾ 2
6. അംഗത്തിന്റെ പുനർനിയമനത്തിനുള്ള അർഹത 2
7. യോഗങ്ങൾ 2
8. അതോറിറ്റിയിലെ ഒഴിവ് നടപടികളെ അസാധുവാക്കുകയില്ലെന്ന് 3
9. അതോറിറ്റിയുടെ ആഫീസർമാരുടെയും കൺസൾട്ടന്റുകളുടെയും മറ്റു ജീവനക്കാരുടെയും നിയമനം 3
10. അതോറിറ്റി ബിസിനസ്സ് തത്വങ്ങളിൻമേൽ പ്രവർത്തിക്കണമെന്ന് 3

അദ്ധ്യായം III

സ്വത്തും കരാറുകളും

11. ഏതെങ്കിലും ദേശീയപാത അതോറിറ്റിയിൽ നിക്ഷിപ്തമാക്കുവാനോ അല്ലെങ്കിൽ അതിനെ ചുമതലപ്പെടുത്തുവാനോ ഉള്ള കേന്ദ്രസർക്കാരിനുള്ള അധികാരം 3
12. കേന്ദ്രസർക്കാരിന്റെ ആസ്തികളും ബാദ്ധ്യതകളും അതോറിറ്റിക്ക് കൈമാറ്റം ചെയ്യൽ 3
13. അതോറിറ്റിക്കുവേണ്ടി നിർബന്ധപൂർവ്വമുള്ള വസ്തു ആർജ്ജനം 4
14. അതോറിറ്റിയാലുള്ള കരാറുകൾ 4
15. അതോറിറ്റിക്കുവേണ്ടി കരാറുകൾ ഒപ്പിട്ടു പൂർത്തീകരിക്കേണ്ട രീതി 4

അദ്ധ്യായം IV

അതോറിറ്റിയുടെ ചുമതലകൾ

16. അതോറിറ്റിയുടെ ചുമതലകൾ 4

അദ്ധ്യായം V

ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

17. കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകളും വായ്പകളും 5
18. അതോറിറ്റിയുടെ നിധി 5
19. ബജറ്റ് 6
20. നിധിയുടെ നിക്ഷേപം 6
21. കടം വാങ്ങുന്നതിന് അതോറിറ്റിക്കുള്ള അധികാരങ്ങൾ 6
22. വാർഷിക റിപ്പോർട്ട് 6
23. അക്കൗണ്ടുകളും ആഡിറ്റും 6
24. വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത അക്കൗണ്ടുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് 6

## അദ്ധ്യായം VI

### പലവക


| | | |
|---|---|---|
| 25. | അധികാരങ്ങൾ ഏൽപ്പിക്കൽ | 7 |
| 26. | അതോറിറ്റിയുടെ ഉത്തരവുകളും മറ്റ് പ്രമാണങ്ങളും പ്രമാണീകരിക്കൽ | 7 |
| 27. | അതോറിറ്റിയുടെ ജീവനക്കാർ പബ്ലിക്ക് സർവ്വന്റുമാരായിരിക്കുമെന്ന് | 7 |
| 28. | ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം | 7 |
| 29. | ചില ജോലികൾ ഏറ്റെടുക്കാനുള്ള അതോറിറ്റിയുടെ അധികാരം | 7 |
| 30. | പ്രവേശനത്തിനുള്ള അധികാരം | 7 |
| 31. | ഏതെങ്കിലും ദേശീയ പാതയുടെ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും താൽക്കാലികമായി എടുത്തു മാറ്റാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം | 8 |
| 32. | അതോറിറ്റിയെ അതിലംഘിക്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം | 9 |
| 33. | നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്രസർക്കാരിനുള്ള അധികാരം | 10 |
| 34. | ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം | 10 |
| 35. | റഗുലേഷനുകൾ ഉണ്ടാക്കാൻ അതോറിറ്റിക്കുള്ള അധികാരം | 10 |
| 36. | വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം | 11 |
| 37. | ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 11 |

# ഭാരതത്തിന്റെ ദേശീയ പാതകൾ അതോറിറ്റി ആക്റ്റ്, 1988

(1988-ലെ 68-ാം നമ്പർ ആക്റ്റ്)

[1988 ഡിസംബർ, 16]

ദേശീയപാതകളുടെ വികസനത്തിനും സംരക്ഷണത്തിനും മാനേജ്മെന്റിനും വേണ്ടി ഒരു അതോറിറ്റി രൂപവൽക്കരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് സാന്ദർഭികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

## ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തൊൻപതാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. *ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*—(1) ഈ ആക്റ്റിന് ഭാരതത്തിന്റെ ദേശീയപാതകൾ അതോറിറ്റി ആക്റ്റ്, 1988 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന തീയതി[1] പ്രാബല്യത്തിൽ വരുന്നതാണ്.

2. ***നിർവചനങ്ങൾ.***—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അതോറിറ്റി" എന്നാൽ 3-ാം വകുപ്പിൻകീഴിൽ രൂപവൽക്കരിച്ചിട്ടുള്ള ഭാരതത്തിന്റെ ദേശീയ പാതകൾ അതോറിറ്റി എന്നർത്ഥമാകുന്നു ;

(ഖ) "ചെയർമാൻ" എന്നാൽ അതോറിറ്റിയുടെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(ഗ) "ജീവനക്കാരൻ" എന്നാൽ അതോറിറ്റിയുടെ മുഴുവൻ സമയ സേവനത്തിനുള്ള ഒരാൾ എന്നർത്ഥമാകുന്നു ;

(ഘ) "അംഗം" എന്നാൽ 3-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട അതോറിറ്റിയുടെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർമാൻ ഉൾപ്പെടുന്നതുമാകുന്നു;

(ങ) "ദേശീയപാത" എന്നാൽ ദേശീയപാതകൾ ആക്റ്റ്, 1956 (1956-ലെ 48)-ന്റെ 2-ാം വകുപ്പിൻ കീഴിൽ തൽസമയം ദേശീയപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ദേശീയപാത എന്നർത്ഥമാകുന്നു ;

(ച) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ഛ) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ അതോറിറ്റി ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(ജ) ഇതിൽ ഉപയോഗിക്കുകയും എന്നാൽ നിർവചിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതും ദേശീയ പാതകൾ ആക്റ്റ്, 1956 (1956-ലെ 48)-ൽ നിർവചിച്ചിട്ടുള്ളതും ആയ മറ്റെല്ലാ വാക്കുകൾക്കും പദങ്ങൾക്കും, ആ ആക്റ്റിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതുമാകുന്നു.

---

1. 1988 ഡിസംബർ 19-ാം തീയതിയിലെ ഭാരത ഗസറ്റ്, അസാധാരണം 11-ാം ഭാഗം 3(ii)വകുപ്പ്, 2-ാം പേജിൽ പ്രസിദ്ധീകരിച്ച ഉപരിതല ഗതാഗത (റോഡ്സ് വിംഗ്) മന്ത്രാലയത്തിന്റെ 15-6-1989-ലെ എസ്. ഒ. 451 (ങ) വിജ്ഞാപനപ്രകാരം 15-6-1989-ൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നു.

## അദ്ധ്യായം II

## ഭാരതത്തിന്റെ ദേശീയ പാതകൾ അതോറിറ്റി

3. *അതോറിറ്റിയുടെ രൂപവൽക്കരണം.*—(1) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഇതിലേക്ക് നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രഭാവത്തോടുകൂടി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഭാരതത്തിന്റെ ദേശീയ പാതകൾ അതോറിറ്റി എന്നു വിളിക്കപ്പെടുന്ന ഒരു അതോറിറ്റി രൂപവൽക്കരിക്കേണ്ടതാകുന്നു.

(2) അതോറിറ്റി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനും കരാറിൽ ഏർപ്പെടുന്നതിനും അധികാരമുള്ള മുൻപറഞ്ഞ പേരോടുകൂടിയ ശാശ്വത പിന്തുടർച്ചാവകാശവും പൊതു മുദ്രയുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും ആ പേരിൽ അതിന് വ്യവഹരിക്കാവുന്നതും അതിനെതിരായി വ്യവഹാരം ബോധിപ്പിക്കാവുന്നതുമാകുന്നു.

(3) അതോറിറ്റി, കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി നിയമിക്കപ്പെടേണ്ട—

(i) ഒരു ചെയർമാനും ;

(ii) അഞ്ചിൽ കവിയാത്ത മുഴുവൻ സമയ അംഗങ്ങളും;

(iii) നാലിൽ കവിയാത്ത പാർട്ട്ടൈം അംഗങ്ങളും,

അടങ്ങിയതായിരിക്കേണ്ടതാകുന്നു.

4. *അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും സേവന വ്യവസ്ഥകളും.*—അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാകുന്നു.

5. *അംഗമായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യതകൾ.*—ഒരാൾ—

(ക) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവുശിക്ഷ നൽകപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ ;

(ഖ) അവിമുക്ത നിർധനനാണെങ്കിൽ ;

(ഗ) ചിത്തഭ്രമമുള്ളവനായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ;

(ഘ) സർക്കാരിന്റെയോ സർക്കാർ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന്റെയോ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെടുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ;

(ങ) അംഗമായുള്ള തന്റെ ചുമതലകൾ നിർവഹിക്കുന്നത് അതോറിറ്റിക്ക് ഹാനികരമായി തീരാവുന്ന അങ്ങനെയുള്ള സാമ്പത്തികമോ അല്ലെങ്കിൽ മറ്റു താൽപ്പര്യങ്ങളോ ഉണ്ട് എന്ന് കേന്ദ്രസർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ,

അംഗമായി നിയമിക്കപ്പെടുവാൻ അനർഹനായിരിക്കുന്നതാകുന്നു.

6. *അംഗത്തിന്റെ പുനർനിയമനത്തിനുള്ള അർഹത.*—നിർണ്ണയിക്കപ്പെടാവുന്ന മറ്റ് സേവന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അംഗമല്ലാതായിത്തീരുന്ന ഒരാൾ അങ്ങനെയുള്ള അംഗമായി പുനർനിയമനത്തിന് അർഹനായിരിക്കുന്നതാണ്.

7. *യോഗങ്ങൾ.*—(1) അതോറിറ്റി, അങ്ങനെയുള്ള സ്ഥലങ്ങളിലും സമയത്തും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ നടത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച്, അതിന്റെ കോറം ഉൾപ്പെടെ, റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യാവുന്ന നടപടിക്രമം പാലിക്കേണ്ടതുമാകുന്നു.

(2) ചെയർമാന് ഏതെങ്കിലും കാരണത്താൽ അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിൽ ഹാജരാകാൻ കഴിയാതെ വരികയാണെങ്കിൽ ആ യോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങൾ തെരഞ്ഞെടുക്കുന്ന മറ്റ് ഏതെങ്കിലും അംഗം ആ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) അതോറിറ്റിയുടെ ഏതെങ്കിലും യോഗം മുമ്പാകെ വരുന്ന എല്ലാ പ്രശ്നങ്ങളും, സന്നിഹിതരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം വോട്ടിൻമേൽ തീരുമാനിക്കേണ്ടതും, വോട്ടുകൾ തുല്യമായിവരുന്ന സന്ദർഭത്തിൽ ചെയർമാന്, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിന്, ഒരു രണ്ടാം വോട്ടോ അല്ലെങ്കിൽ നിർണ്ണായകവോട്ടോ ഉണ്ടായിരിക്കുന്നതും പ്രയോഗിക്കേണ്ടതുമാണ്.

8. *അതോറിറ്റിയിലെ ഒഴിവ് നടപടികളെ അസാധുവാക്കുകയില്ലെന്ന്.*—അതോറിറ്റിയുടെ യാതൊരു പ്രവർത്തിയും അല്ലെങ്കിൽ നടപടിയും,—

(ക) അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവിന്റെയോ രൂപവൽക്കരണത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ; അല്ലെങ്കിൽ

(ഖ) അതോറിറ്റിയുടെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാളെ നിയമിക്കുന്നതിൽ ഉള്ള ഏതെങ്കിലും ന്യൂനതയുടെയോ ; അല്ലെങ്കിൽ

(ഗ) അതോറിറ്റി സ്വീകരിച്ചിട്ടുള്ള കേസിന്റെ യോഗ്യതകളെ ബാധിക്കാതെ നടപടിക്രമത്തിൽ ഏതെങ്കിലും ക്രമക്കേടിന്റെയോ കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

9. *അതോറിറ്റിയുടെ ആഫീസർമാരുടെയും കൺസൾട്ടന്റുകളുടെയും മറ്റു ജീവനക്കാരുടെയും നിയമനം.*—(1) അതോറിറ്റിയുടെ ചുമതലകൾ നിർവഹിക്കുന്ന ആവശ്യത്തിലേക്ക് റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും ആവശ്യമെന്ന് അത് കരുതുന്നത്ര ആഫീസർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കേണ്ടതാകുന്നു.

(2) റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും അപ്പോഴപ്പോൾ അതോറിറ്റി ആവശ്യമെന്ന് കരുതാവുന്ന ഏതെങ്കിലും ഒരാളെ ഉപദേശകനായോ കൺസൾട്ടന്റായോ അതിന് നിയമിക്കാവുന്നതാകുന്നു.

10. *അതോറിറ്റി ബിസിനസ്സ് തത്വങ്ങളിൻമേൽ പ്രവർത്തിക്കണമെന്ന്.*—ഈ ആക്റ്റിൻകീഴിലുള്ള അതോറിറ്റിയുടെ ചുമതലകൾ നിർവഹിക്കുന്നതിൽ കഴിയുന്നത്ര, ബിസിനസ്സ് തത്വങ്ങളിൻമേൽ അത് പ്രവർത്തിക്കേണ്ടതാകുന്നു.

## അദ്ധ്യായം III

## സ്വത്തും കരാറുകളും

11. *ഏതെങ്കിലും ദേശീയപാത അതോറിറ്റിയിൽ നിക്ഷിപ്തമാക്കുവാനോ അല്ലെങ്കിൽ അതിനെ ചുമതലപ്പെടുത്തുവാനോ ഉള്ള കേന്ദ്രസർക്കാരിനുള്ള അധികാരം.*—കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, അപ്പോഴപ്പോൾ അങ്ങനെയുള്ള വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ദേശീയപാതയോ അല്ലെങ്കിൽ അതിനോട് ചേർന്ന് കിടക്കുന്ന ഏതെങ്കിലും ഭാഗമോ അതോറിറ്റിയിൽ നിക്ഷിപ്തമാക്കുകയോ അല്ലെങ്കിൽ അതിനെ ചുമതലപ്പെടുത്തുകയോ ചെയ്യാവുന്നതാകുന്നു.

12. *കേന്ദ്രസർക്കാരിന്റെ ആസ്തികളും ബാദ്ധ്യതകളും അതോറിറ്റിക്ക് കൈമാറ്റം ചെയ്യൽ.*—(1) 11-ാം വകുപ്പിൻകീഴിലുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തീയതിയിലും അന്നുമുതൽക്കും,—

(ക) കേന്ദ്രസർക്കാരോ കേന്ദ്രസർക്കാരുമായോ കേന്ദ്രസർക്കാരിനുവേണ്ടിയോ ഈ വകുപ്പിൻ കീഴിൽ അതോറിറ്റിയിൽ നിക്ഷിപ്തമായതോ അതിനെ ചുമതലപ്പെടുത്തിയതായ ഏതെങ്കിലും ദേശീയ പാതയുടെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ ആവശ്യങ്ങളോടനുബന്ധിച്ച് അങ്ങനെയുള്ള തീയതിക്ക് തൊട്ടുമുമ്പ് വന്നുചേരുന്ന എല്ലാ കടങ്ങളും കടപ്പാടുകളും ബാദ്ധ്യതകളും ഏർപ്പെട്ട എല്ലാ കരാറുകളും ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും സംഗതികളും അതോറിറ്റിയോ അതോറിറ്റിയുമായോ അതോറിറ്റിക്കുവേണ്ടിയോ ഏർപ്പെട്ടതോ വന്നുചേർന്നതോ ചെയ്യാമെന്ന് വാഗ്ദാനം ചെയ്തതോ ആയി കരുതപ്പെടേണ്ടതാകുന്നു;

(ഖ) കേന്ദ്രസർക്കാരോ കേന്ദ്രസർക്കാരിനുവേണ്ടിയോ അതോറിറ്റിയിൽ അങ്ങനെ നിക്ഷിപ്തമായതോ അതിനെ ചുമതലപ്പെടുത്തിയതോ ആയ ഏതെങ്കിലും ദേശീയപാതയുടെയോ അല്ലെങ്കിൽ ദേശീയപാതയുടെ ഏതെങ്കിലും ഭാഗത്തിന്റെയോ ആവശ്യങ്ങളോടനുബന്ധിച്ച് അങ്ങനെയുള്ള തീയതിവരെ നേരിട്ടതും മൂലധന ചെലവെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതുമായ എല്ലാ അനാവർത്തന ചെലവുകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേന്ദ്രസർക്കാർ അതോറിറ്റിക്ക് നൽകിയ മൂലധനമായി കരുതപ്പെടേണ്ടതാകുന്നു;

(ഗ) അങ്ങനെയുള്ള തീയതിക്ക് തൊട്ടുമുമ്പ്, അതോറിറ്റിയിൽ നിക്ഷിപ്തമായതോ അതോറിറ്റിയെ ചുമതലപ്പെടുത്തിയതോ ആയ ഏതെങ്കിലും ദേശീയപാതയെയോ അതിന്റെ ഏതെങ്കിലും ഭാഗത്തെയോ സംബന്ധിച്ച് കേന്ദ്രസർക്കാരിന് ചെല്ലേണ്ട തുക അതോറിറ്റിക്ക് ചെല്ലേണ്ട തുകയായി കണക്കാക്കേണ്ടതാകുന്നു ;

(ഘ) അങ്ങനെയുള്ള തീയതിക്ക് തൊട്ടുമുമ്പ്, കേന്ദ്രസർക്കാരോ അതിനെതിരായോ അങ്ങനെയുള്ള ദേശീയപാതയെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തെയോ സംബന്ധിച്ച കാര്യങ്ങൾക്കായി

ആരംഭിച്ചതോ ആരംഭിക്കാമായിരുന്നതോ ആയ എല്ലാ വ്യവഹാരങ്ങളും മറ്റ് നിയമനടപടികളും, അതോറിറ്റിയാലോ അതോറിറ്റിക്കെതിരായോ തുടരുകയോ ആരംഭിക്കുകയോ ചെയ്യാവുന്നതാകുന്നു.

(2) കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും ആസ്തികളിലും അവകാശങ്ങളിലും ബാദ്ധ്യതകളിലും ഏതെല്ലാം അതോറിറ്റിക്ക് കൈമാറ്റം ചെയ്യപ്പെട്ടു എന്നതു സംബന്ധിച്ച് ഏതെങ്കിലും തർക്കമുണ്ടാവുകയാണെങ്കിൽ, അത്തരം തർക്കങ്ങൾ കേന്ദ്രസർക്കാർ തീരുമാനിക്കേണ്ടതാണ്.

13. ***അതോറിറ്റിക്കുവേണ്ടി നിർബന്ധപൂർവ്വമുള്ള വസ്തു ആർജ്ജനം.***—അതോറിറ്റിക്ക് ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായിട്ടുള്ള ഏതെങ്കിലും വസ്തു ഒരു പൊതു ആവശ്യത്തിനുള്ള വസ്തു ആണെന്ന് കരുതേണ്ടതും അങ്ങനെയുള്ള വസ്തു വസ്തു ആർജ്ജനം ആക്റ്റ്, 1894 (1894-ലെ 1)-ലെയോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും തൽസ്ഥാനീയ നിയമത്തിലെയോ വ്യവസ്ഥകൾ അനുസരിച്ച് അതോറിറ്റിക്കുവേണ്ടി ആർജ്ജിക്കാവുന്നതുമാകുന്നു.

14. ***അതോറിറ്റിയാലുള്ള കരാറുകൾ.***—15-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, അതോറിറ്റിക്ക് ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും കരാറിലേർപ്പെടുന്നതിനും അത് നിറവേറ്റുന്നതിനും ക്ഷമതയുണ്ടായിരിക്കുന്നതാകുന്നു.

15. ***അതോറിറ്റിക്കുവേണ്ടി കരാറുകൾ ഒപ്പിട്ടു പൂർത്തീകരിക്കേണ്ട രീതി.***—(1) അതോറിറ്റിക്കുവേണ്ടിയുള്ള ഓരോ കരാറും അതോറിറ്റിയുടെ ചെയർമാനോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്ക് സാമാന്യമായോ പ്രത്യേകമായോ അതോറിറ്റി അധികാരപ്പെടുത്തുന്ന അതോറിറ്റിയുടെ അങ്ങനെയുള്ള മറ്റ് അംഗമോ അങ്ങനെയുള്ള ആഫീസറോ ഉണ്ടാക്കേണ്ടതും റഗുലേഷനുകളിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കരാറുകളോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട കരാറുകളോ അതോറിറ്റിയുടെ പൊതുമുദ്രയാൽ മുദ്രണം ചെയ്യപ്പെടേണ്ടതുമാകുന്നു:

എന്നാൽ, ഇതിലേക്ക് കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മൂല്യത്തിലോ തുകയിലോ കവിഞ്ഞ യാതൊരു കരാറും അതിന് ആ സർക്കാർ മുൻകൂട്ടിയുള്ള അനുമതി നൽകിയിട്ടില്ലാത്തപക്ഷം, ഉണ്ടാക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, സ്ഥാവരവസ്തു ആർജ്ജിക്കുന്നതിനോ വില്പന നടത്തുന്നതിനോ അങ്ങനെയുള്ള വസ്തു മപ്പതു വർഷക്കാലാവധിയിൽ കവിഞ്ഞ കാലത്തേക്ക് പാട്ടം കൊടുക്കുന്നതിനോ ഉള്ള യാതൊരു കരാറും ഇതിലേക്കായി കേന്ദ്രസർക്കാർ നിർണ്ണയിക്കാവുന്ന മൂല്യത്തിലും തുകയിലും കവിഞ്ഞ് മറ്റ് യാതൊരു കരാറും അതിന് ആ സർക്കാർ മുൻകൂട്ടിയുള്ള അനുമതി നല്കിയിട്ടില്ലാത്തപക്ഷം, ഉണ്ടാകുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കേണ്ട ഏതെങ്കിലും കരാറിന്റെ ഫാറവും രീതിയും റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കേണ്ടതാകുന്നു.

(3) ഈ ആക്റ്റിലെയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത യാതൊരു കരാറും അതോറിറ്റിക്ക് ബാധകമായിരിക്കുന്നതല്ല.

## അദ്ധ്യായം IV

## അതോറിറ്റിയുടെ ചുമതലകൾ

16. ***അതോറിറ്റിയുടെ ചുമതലകൾ.***—(1) കേന്ദ്രസർക്കാർ, ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി, ദേശീയപാതകളും സർക്കാർ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയതോ അതിനെ ചുമതലപ്പെടുത്തിയതോ ആയ മറ്റ് പാതകളും വികസിപ്പിക്കേണ്ടതും, സംരക്ഷിക്കേണ്ടതും, മാനേജ് ചെയ്യേണ്ടതും അതിന്റെ ചുമതലകളായിരിക്കുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അതോറിറ്റിക്ക് അതിന്റെ ചുമതലകളുടെ നിർവഹണത്തിനായി—

(ക) അതിൽ നിക്ഷിപ്തമായതോ അതിനെ ചുമതലപ്പെടുത്തിയതോ ആയ പാതകളുടെ സർവ്വേയും വികസനവും സംരക്ഷണവും മാനേജുമെന്റും;

(ഖ) അതിൽ നിക്ഷിപ്തമായതോ അതിനെ ചുമതലപ്പെടുത്തിയതോ ആയ പാതകളിലോ പാതയോരത്തോ ആഫീസുകളോ വർക്കുഷോപ്പുകളോ നിർമ്മിക്കുകയും ഹോട്ടലുകളും മോട്ടലുകളും റസ്റ്റോറന്റുകളും വിശ്രമമുറികളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ;

(ഗ) അതിന്റെ ജീവനക്കാർക്കുവേണ്ടി പാർപ്പിടങ്ങളും ടൗൺഷിപ്പുകളും നിർമ്മിക്കുകയും ;

(ഘ) അതിന്റെ ശരിയായ മാനേജുമെന്റിനായി അതിൽ നിക്ഷിപ്തമാക്കിയതോ അതിനെ ചുമതലപ്പെടുത്തിയതോ ആയ പാതകളിൽ വാഹനങ്ങൾ ഓടിക്കുന്നത് ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ;

(ങ) ഭാരതത്തിനകത്തും വിദേശത്തും കൺസൾട്ടൻസിയും നിർമ്മാണപ്രവർത്തന സേവനങ്ങളും വികസിപ്പിക്കുകയും നൽകുകയും പാതകളുടെയോ അതിലെ ഏതെങ്കിലും സൗകര്യങ്ങളുടെയോ വികസനവും സംരക്ഷണവും മാനേജ്മെന്റും സംബന്ധിച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും ;

(ച) അതോറിറ്റി, അതിൽ നിക്ഷിപ്തമായിട്ടുള്ളതോ അതിനെ ചുമതലപ്പെടുത്തിയിട്ടുള്ളതോ ആയ പാതകളിൽ സുഗമമായ ഗതാഗതത്തിന്, അതിന്റെ അഭിപ്രായത്തിൽ, ആവശ്യമായ സൗകര്യങ്ങളും സദൃശ സൗകര്യങ്ങളും പാതകൾ ഉപയോഗിക്കുന്നവർക്കും നൽകുകയും;

(ഛ) ഈ ആക്റ്റിനാൽ അതോറിറ്റിയിൽ ചുമത്തിയിട്ടുള്ള ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവഹിക്കുന്നതിന്, കമ്പനി ആക്റ്റ്, 1956 (1956-ലെ 1)-ൻ കീഴിൽ ഒന്നോ അതിലധികമോ കമ്പനികൾ രൂപീകരിക്കുകയും;

(ജ) അതിന്റെ ഏതെങ്കിലും ചുമതലകൾ സർക്കാർ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷനെയോ ഏകാംഗീകൃത നികായത്തെയോ ഏല്പിക്കുകയോ ചുമതലപ്പെടുത്തുകയോ ചെയ്യുകയും ;

(ഝ) പാതകളെ സംബന്ധിച്ച കാര്യങ്ങളിൽ കേന്ദ്രസർക്കാരിനെ ഉപദേശിക്കുകയും;

(ഞ) പരസ്പരം സമ്മതിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും പാതകളുടെ വികസനത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകുന്നതിനും നടപ്പാക്കുന്നതിനും ഏതെങ്കിലും സംസ്ഥാന സർക്കാരിനെ സഹായിക്കുകയും;

(ട) കേന്ദ്രസർക്കാരിനുവേണ്ടി, ദേശീയ പാതകൾ ആക്റ്റ്, 1956 (1956-ലെ 48)-ന്റെ അതത്സമയം ഭേദഗതിചെയ്ത പ്രകാരമുള്ള, 7-ാം വകുപ്പിൻകീഴിൽ നൽകിയിട്ടുള്ള സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഉള്ള ഫീസുകളും, സംസ്ഥാന സർക്കാരുകൾ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും സംസ്ഥാന സർക്കാരുകൾക്കുവേണ്ടി മറ്റു തരത്തിലുള്ള ഫീസുകളും ശേഖരിക്കുകയും ;

(ഠ) ഈ ആക്റ്റിനാൽ ഏതെങ്കിലും അധികാരം വിനിയോഗിക്കുന്നതിന് അതിൽ നൽകിയിട്ടുള്ളതോ അതിനെ ഏല്പിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ചുമതല നിർവഹിക്കുന്നതിന് ആവശ്യമോ സൗകര്യപ്രദമോ സാന്ദർഭികമോ ആയ എല്ലാ നടപടികളും എടുക്കുകയും ,

ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും,—

(ക) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന്റെ അധികാരത്തെ വിഗണിക്കുവാൻ അതോറിറ്റിയെ അധികാരപ്പെടുത്തുന്നതായോ; അല്ലെങ്കിൽ

(ഖ) അതോറിറ്റിയിലോ അതിന്റെ ആഫീസർമാരിലോ മറ്റു ജീവനക്കാരിലോ ഈ ആക്റ്റിൻ കീഴിൽ മറ്റു വിധത്തിൽ ചുമത്തപ്പെട്ടിട്ടില്ലാത്ത ഒരു കർത്തവ്യമോ ബാദ്ധ്യതയോ സംബന്ധിച്ച് ഏതെങ്കിലും നടപടി ആരംഭിക്കുവാൻ ഏതെങ്കിലും ആളെ അധികാരപ്പെടുത്തുന്നതായി,

അർത്ഥം കല്പിക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം V

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

17. *കേന്ദ്രസർക്കാരിനാലുള്ള ഗ്രാന്റുകളും വായ്പകളും.*—(1) കേന്ദ്രസർക്കാരിന്, പാർലമെന്റ് നിയമംവഴി ഇതിലേക്ക് യഥാവിധി വകകൊള്ളിച്ചശേഷം യുക്തമെന്ന് ആ സർക്കാർ കരുതുന്ന അങ്ങനെയുള്ള തുക അതോറിറ്റിക്ക് ഗ്രാന്റായും വായ്പയായും നൽകാവുന്നതാണ്.

18. *അതോറിറ്റിയുടെ നിധി.*—(1) ഭാരതത്തിന്റെ ദേശീയപാതകൾ അതോറിറ്റി നിധി എന്ന പേരിലറിയപ്പെടുന്ന ഒരു നിധി രൂപവൽക്കരിക്കേണ്ടതും, അതിൽ,—

(ക) അതോറിറ്റിക്ക് കിട്ടിയിട്ടുള്ള ഏതെങ്കിലും ഗ്രാന്റോ സഹായമോ ;

(ഖ) അതോറിറ്റി എടുത്തിട്ടുള്ള ഏതെങ്കിലും വായ്പയോ, അത് വരുത്തിയിട്ടുള്ള ഏതെങ്കിലും കടങ്ങളോ ;

(ഗ) അതോറിറ്റിക്ക് കിട്ടിയിട്ടുള്ള മറ്റ് ഏതെങ്കിലും തുകയും, വരവ് വയ്ക്കേണ്ടതാണ്.

(2) ആ നിധി—

(ക) അങ്ങനെയുള്ള ഗ്രാന്റുകളോ വായ്പകളോ കടമെടുപ്പുകളോ ഏത് ആവശ്യങ്ങൾക്കാണോ ലഭിച്ചിട്ടുള്ളത് എന്നതു പരിഗണിച്ച് അതോറിറ്റിക്ക് അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിനും അവയോട് ബന്ധപ്പെട്ടതോ സാന്ദർഭികമോ ആയ കാര്യങ്ങൾക്കും ;

(ഖ) അതോറിറ്റിയുടെ അംഗങ്ങളുടെയും ആഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് പ്രതിഫലങ്ങളും സൗകര്യങ്ങളും നൽകുന്നതിനും ;

(ഗ) ഈ ആക്റ്റ് അധികാരം നൽകിയിട്ടുള്ള ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കുമുള്ള ചെലവുകൾക്കും,

വിനിയോഗിക്കേണ്ടതാണ്.

19. *ബജറ്റ്.*—അതോറിറ്റി ഓരോ സാമ്പത്തിക വർഷവും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള സമയത്തും അടുത്ത സാമ്പത്തിക വർഷത്തെ മതിപ്പാക്കിയ വരവും ചെലവും കാണിച്ചുകൊണ്ട് ആ സാമ്പത്തിക വർഷത്തേക്കുള്ള ഒരു ബജറ്റ് തയ്യാറാക്കേണ്ടതും അത് കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

20. *നിധിയുടെ നിക്ഷേപം.*—അതോറിറ്റിക്ക് അതിന്റെ നിധി (റിസർവ് ഫണ്ട് ഉൾപ്പെടെ) കേന്ദ്ര സർക്കാരിന്റെ ഈടുപത്രങ്ങളിലോ നിർണ്ണയിക്കപ്പെടാവുന്ന മറ്റു വിധത്തിലോ നിക്ഷേപിക്കാവുന്നതാണ്.

21. *കടം വാങ്ങുന്നതിന് അതോറിറ്റിക്കുള്ള അധികാരങ്ങൾ.*—(1) അതോറിറ്റിക്ക് ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമെന്ന് അതു കരുതുന്ന തുക കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടിയോ, സാമാന്യമോ പ്രത്യേകമോ ആയി അതോറിറ്റിക്ക് കേന്ദ്രസർക്കാർ നൽകിയിട്ടുള്ള ഏതെങ്കിലും അനുമതിയിലെ നിബന്ധനകൾക്ക് അനുസൃതമായോ ഏതെങ്കിലും മാർഗ്ഗത്തിൽ ബോണ്ടുകളോ, കടപ്പത്രങ്ങളോ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു പ്രമാണങ്ങളോ പുറപ്പെടുവിച്ച് കടമെടുക്കാവുന്നതാണ്.

(2) കേന്ദ്രസർക്കാർ, അപ്പോഴപ്പോൾ വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള പരിമിതികൾക്ക് വിധേയമായി, ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമാകാവുന്ന അങ്ങനെയുള്ള തുകകൾ ഓവർഡ്രാഫ്റ്റായോ മറ്റ് തരത്തിലോ അതോറിറ്റിക്ക് താൽക്കാലികമായി കടമെടുക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ അതോറിറ്റി എടുത്ത കടങ്ങൾ സംബന്ധിച്ച മുതൽ തിരിച്ച് അടയ്ക്കുന്നതിനും അതിൻമേലുള്ള പലിശ നൽകുന്നതിനും കേന്ദ്രസർക്കാരിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള, ഗാരന്റി നൽകാവുന്നതാണ്.

22. *വാർഷിക റിപ്പോർട്ട്.*—അതോറിറ്റി, ഓരോ സാമ്പത്തിക വർഷവും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും സമയത്തും മുൻ സാമ്പത്തിക വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ രൂപം നൽകിക്കൊണ്ടുള്ള അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

23. *അക്കൗണ്ടുകളും ആഡിറ്റും.*—ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലുമായി കൂടി ആലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അതോറിറ്റിയുടെ അക്കൗണ്ടുകൾ വച്ചു പോരേണ്ടതും ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ പകർപ്പ് അതിൻമേലുള്ള ആഡിറ്ററുടെ റിപ്പോർട്ടോടുകൂടി കേന്ദ്രസർക്കാരിന്, ഇതിലേക്ക് നിർണ്ണയിക്കാവുന്ന തീയതിക്കു മുമ്പ് സമർപ്പിക്കേണ്ടതുമാണ്.

24. *വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത അക്കൗണ്ടുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.*—വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത അക്കൗണ്ടുകളും അവ കിട്ടിയശേഷം, കഴിയുന്നത്ര വേഗം, കേന്ദ്രസർക്കാർ പാർലമെൻറിന്റെ ഇരുസഭകളുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

## അദ്ധ്യായം VI

### പലവക

25. *അധികാരങ്ങൾ ഏൽപ്പിക്കൽ.*—അതോറിറ്റി, സാമാന്യമോ പ്രത്യേകമോ ആയ ലിഖിതമായ ഉത്തരവുവഴി ആവശ്യമെന്ന് അത് കരുതാവുന്ന ആ ആക്റ്റിൻകീഴിലുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും (35-ാം വകുപ്പിൻകീഴിലുള്ള അധികാരമൊഴികെ) ഉത്തരവിൽ നിർദ്ദേശിക്കാവുന്ന ഉപാധികളും പരിമിതികളും വല്ലതും ഉണ്ടെങ്കിൽ അവയ്ക്ക് വിധേയമായി ചെയർമാനോ മറ്റ് ഏതെങ്കിലും അംഗത്തിനോ അതോറിറ്റിയുടെ മറ്റ് ഏതെങ്കിലും ആഫീസർക്കോ നൽകാവുന്നതാണ്.

26. *അതോറിറ്റിയുടെ ഉത്തരവുകളും മറ്റ് പ്രമാണങ്ങളും പ്രമാണീകരിക്കൽ.*—അതോറിറ്റിയുടെ ഉത്തരവുകളും തീരുമാനങ്ങളും മറ്റ് പ്രമാണങ്ങളും ചെയർമാന്റെയോ മറ്റ് ഏതെങ്കിലും അംഗത്തിന്റെയോ അല്ലെങ്കിൽ ഇതിലേക്ക് പ്രാധികാരപ്പെടുത്തിയിട്ടുള്ള അതോറിറ്റിയുടെ മറ്റേതെങ്കിലും ആഫീസറുടെയോ ഒപ്പുവച്ച് പ്രമാണീകരിക്കേണ്ടതാണ്.

27. *അതോറിറ്റിയുടെ ജീവനക്കാർ പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന്.*—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ അതോറിറ്റിയുടെ എല്ലാ അംഗങ്ങളും ആഫീസർമാരും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) -യുടെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലുള്ള പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്.

28. *ഉത്തമ വിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.*—(1) ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ റഗുലേഷനുകളുടെയോ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്തതായി കരുതപ്പെട്ടതോ ആയ എന്തെങ്കിലും സംബന്ധിച്ച് അതോറിറ്റിക്കോ അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ ആഫീസർക്കോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ റഗുലേഷനുകളുടെയോ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടേണ്ടതോ ആയ ഏതെങ്കിലും പ്രവൃത്തികൊണ്ട് ഉണ്ടായ ഏതെങ്കിലും നാശനഷ്ടത്തിന് അതോറിറ്റിക്കോ അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ ആഫീസർക്കോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

29. *ചില ജോലികൾ ഏറ്റെടുക്കാനുള്ള അതോറിറ്റിയുടെ അധികാരം.*—അതോറിറ്റിക്ക്, അതോറിറ്റിയും സർക്കാരും അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനവും പരസ്പരം സമ്മതിച്ച നിബന്ധനകളിലും ഉപാധികളിലുംമേൽ സർക്കാരിനുവേണ്ടിയോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനുവേണ്ടിയോ ഏതെങ്കിലും ജോലികളോ സർവീസുകളോ ഏതെങ്കിലും വിഭാഗം ജോലികളോ സർവീസുകളോ ഏറ്റെടുത്ത് നടത്താവുന്നതാണ്.

30. *പ്രവേശനത്തിനുള്ള അധികാരം.*—ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റഗുലേഷനുകൾക്ക് വിധേയമായി അതോറിറ്റി ഇതിലേക്ക് സാമാന്യമോ പ്രത്യേകമോ ആയി അധികാരം നൽകിയിട്ടുള്ള ഏതെങ്കിലും ആളിന് ഈ ആക്റ്റിലെ ഏതെങ്കിലും ആവശ്യങ്ങൾക്ക് അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്ന് തോന്നുന്ന ന്യായമായ എല്ലാ സമയങ്ങളിലും ഏതെങ്കിലും വസ്തുവിലോ പരിസരത്തോ പ്രവേശിക്കാവുന്നതും,—

(ക) ഏതെങ്കിലും പരിശോധനയോ, സർവ്വേയോ, അളവോ, മൂല്യനിർണ്ണയമോ, അന്വേഷണമോ നടത്താവുന്നതും ;

(ഖ) നിരപ്പ് എടുക്കാവുന്നതും ;

(ഗ) അടിമണ്ണ് കുഴിക്കുകയോ തുരക്കുകയോ ചെയ്യാവുന്നതും ;

(ഘ) അതിരുകളോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവൃത്തിരേഖയോ സ്ഥാപിക്കുകയും ;

(ങ) അടയാളങ്ങൾ ഇട്ടും കിടങ്ങുകൾ കുഴിച്ചും അങ്ങനെയുള്ള നിരപ്പുകളോ അതിരുകളോ രേഖകളോ അടയാളപ്പെടുത്തുകയും ;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് പ്രവൃത്തികളോ കാര്യങ്ങളോ ചെയ്യാവുന്നതും,

ആകുന്നു:

എന്നാൽ, അങ്ങനെ ചെയ്യുന്നതിനുളള ഉദ്ദേശം ഇരുപത്തിനാലു മണിക്കൂർ മുമ്പെങ്കിലും കൈവശക്കാരനെ ലിഖിതമായി അറിയിച്ചിട്ടല്ലാതെ ഒരു പാർപ്പിടവുമായി ചേർന്നതായ ഏതെങ്കിലും അതിരിലോ അടച്ചുകെട്ടിയ അങ്കണത്തിലോ തോട്ടത്തിലോ (അതിന്റെ കൈവശക്കാരന്റെ അനുമതി ഉളളിടത്തൊഴികെ) യാതൊരാളും പ്രവേശിക്കാൻ പാടില്ലാത്തതാകുന്നു.

31. *ഏതെങ്കിലും ദേശീയപാതയുടെ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും താൽക്കാലികമായി എടുത്തുമാറ്റാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം.*—(1) പൊതുതാൽപ്പര്യത്തിന് അപ്രകാരം ചെയ്യുന്നത് ആവശ്യമോ ഉചിതമോ എന്ന് കേന്ദ്രസർക്കാരിന് അഭിപ്രായമുള്ളപക്ഷം, ഏതുസമയത്തും അതിന് ഉത്തരവുവഴി ഏതെങ്കിലും ദേശീയപാതയുടെയോ അതിന്റെ ഭാഗത്തിന്റെയോ വികസനമോ, സംരക്ഷണമോ മാനേജ്മെന്റോ, ഉത്തരവിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുളള കാലത്തേക്കും അങ്ങനെയുള്ള തീയതിമുതൽക്കും അങ്ങനെയുള്ള ആളിനെ ചുമതലപ്പെടുത്തുവാൻ അതോറിറ്റിയോട് നിർദ്ദേശിക്കാവുന്നതും അങ്ങനെയുളള നിർദ്ദേശം അനുസരിക്കുവാൻ അതോറിറ്റി ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

(2) ഏതെങ്കിലും ദേശീയപാതയുടെയോ അതിന്റെ ഭാഗത്തിന്റെയോ വികസനമോ സംരക്ഷണമോ മാനേജ്മെന്റോ (1)-ാം ഉപകവുപ്പിൻകീഴിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആളെ (ഈ വകുപ്പിൽ ഇതിനു ശേഷം അധികാരം നൽകപ്പെട്ട ആൾ എന്നാണ് പരാമർശിക്കപ്പെടുക) ചുമതലപ്പെടുത്തിയിട്ടുള്ളിടത്ത് അങ്ങനെയുള്ള ദേശീയപാതയോ അതിന്റെ ഭാഗമോ സംബന്ധിച്ച് ഈ ആക്റ്റിൻകീഴിൽ അതോറിറ്റി അധികാരങ്ങൾ പ്രയോഗിക്കുന്നതും ചുമതലകൾ നിർവഹിക്കുന്നതും അവസാനിക്കുന്നതും ആ ആധികാരങ്ങളും ചുമതലകളും അധികാരം നൽകപ്പെട്ട ആൾ കേന്ദ്രസർക്കാർ അപ്പോഴപ്പോൾ നൽകാവുന്ന നിർദ്ദേശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, അതനുസരിച്ച് പ്രയോഗിക്കേണ്ടതും നിർവഹിക്കേണ്ടതും ആകുന്നു:

എന്നാൽ, കേന്ദ്രസർക്കാർ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള അധികാരമോ ചുമതലയോ കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുളള അനുമതിയോടുകൂടിയല്ലാതെ പ്രയോഗിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള് കാലയളവ് കേന്ദ്രസർക്കാരിന് ആവശ്യമെന്ന് അത് കരുതുന്നത്ര കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരുത്തരവ് പ്രാബല്യത്തിലായിരിക്കുമ്പോൾ അധികാരം നൽകപ്പെട്ട ആളെ, മാനേജ് ചെയ്യാൻ അയാളെ ചുമതലപ്പെടുത്തിയിട്ടുള്ളതായ ദേശീയപാതയോ, അതിന്റെ ഭാഗമോ സംബന്ധിച്ച ഈ ആക്റ്റിൻകീഴിലുള്ള അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കുവാനും ചുമതലകൾ നിർവഹിക്കുവാനും പ്രാപ്തമാക്കുന്നതിനും പ്രത്യേകിച്ചും അതോറിറ്റിയുടെ നിധിയിൽനിന്നും ഏതുതുകയും അധികാരം നല്കപ്പെട്ട ആളിലേക്ക്, ദേശീയപാതയുടെയോ അതിന്റെ ഭാഗത്തിന്റെയോ മാനേജ്മെന്റിനായി, മാറ്റുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ അതോറിറ്റിക്ക് നൽകുവാൻ കേന്ദ്രസർക്കാരിന് ക്ഷമതയുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഓരോ നിർദ്ദേശവും അതോറിറ്റി അനുസരിക്കേണ്ടതുമാണ്.

(5) ഏതെങ്കിലും ദേശീയപാതയോ അതിന്റെ ഭാഗമോ സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവ് പ്രാബല്യത്തിൽ ഇല്ലാതായിത്തീരുന്നതിൻമേൽ ഈ ആക്റ്റിൻകീഴിൽ അങ്ങനെയുള്ള ദേശീയപാതയോ അതിന്റെ ഭാഗമോ സംബന്ധിച്ച് പ്രയോഗിക്കേണ്ടതും നിർവഹിക്കേണ്ടതുമായ അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും അധികാരം നൽകപ്പെട്ട ആളിന് ഇല്ലാതാകുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും അതോറിറ്റി തുടർന്നു പ്രയോഗിക്കേണ്ടതുമാണ്.

(6) ഏതെങ്കിലും ദേശീയപാതയോ അതിന്റെ ഭാഗമോ സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവ് പ്രാബല്യത്തിൽ ഇല്ലാതായിത്തീരുന്നതിൻമേൽ അങ്ങനെയുള്ള ദേശീയപാതയുടെയോ അതിന്റെ ഭാഗത്തിന്റെയോ മാനേജുമെന്റുമായി ബന്ധപ്പെട്ട് അധികാരം നൽകപ്പെട്ട ആളിൽ അവശേഷിക്കുന്ന ഏതെങ്കിലും വസ്തു (ഏതെങ്കിലും പണമോ മറ്റ് ആസ്തിയോ ഉൾപ്പെടെ) ആയാൾ അതോറിറ്റിയെ ഏൽപ്പിക്കേണ്ടതാണ്.

32. ***അതോറിറ്റിയെ അതിലംഘിക്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം.***—(1) ഏതെങ്കിലും സമയത്ത് കേന്ദ്രസർക്കാരിന്—

(ക) ഗുരുതരമായ ഒരു അടിയന്തിരാവസ്ഥമൂലം ഈ ആക്റ്റിനാലോ ആക്റ്റിലെ വ്യവസ്ഥകളിൻ കീഴിലോ അതോറിറ്റിയിൻമേൽ ചുമത്തിയിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുവാൻ അതിന് കഴിയുന്നില്ലെന്നോ; അല്ലെങ്കിൽ

(ഖ) ഈ ആക്റ്റിൻകീഴിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ അനുസരിക്കുന്നതിനോ ഈ ആക്റ്റിനാലോ ആക്റ്റിലെ വ്യവസ്ഥകളിൻകീഴിലോ അതോറിറ്റിയിൻമേൽ ചുമത്തിയിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിലോ അതോറിറ്റി തുടർച്ചയായി വീഴ്ച വരുത്തുന്നുവെന്നോ; അല്ലെങ്കിൽ

(ഗ) പൊതു താത്പര്യാർത്ഥം അങ്ങനെ ചെയ്യുന്നത് ആവശ്യമാക്കിതീർക്കുന്ന പരിതസ്ഥിതികൾ നിലവിലുണ്ടെന്നോ, അഭിപ്രായമുള്ളപക്ഷം, കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, അതിൽ നിർദ്ദേശിക്കാവുന്ന ഒരുവർഷത്തിൽ കവിയാത്ത അങ്ങനെയുള്ള കാലത്തേക്ക് അതോറിറ്റിയെ അതിലംഘിക്കാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ (ഖ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾക്കായി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് കേന്ദ്രസർക്കാർ അതോറിറ്റിക്ക് അതിനെ അതിലംഘിക്കാതിരിക്കാനുള്ള കാരണം കാണിക്കാൻ ന്യായമായ ഒരു അവസരം നല്കേണ്ടതും അതോറിറ്റിക്ക് ഏതെങ്കിലും വിശദീകരണങ്ങളും ആക്ഷേപങ്ങളും ഉള്ളപക്ഷം, അവ പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ അതോറിറ്റിയെ അതിലംഘിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതോടെ,—

(ക) എല്ലാ അംഗങ്ങളും അതിലംഘിക്കുന്ന തീയതിമുതൽ അവരുടെ അങ്ങനെയുള്ള ഉദ്യോഗങ്ങൾ ഒഴിയേണ്ടതും ;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളിൻകീഴിൽ അതോറിറ്റിയോ അതോറിറ്റിക്കുവേണ്ടിയോ പ്രയോഗിക്കാവുന്നതോ നിർവഹിക്കാവുന്നതോ ആയ എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും (3)-ാം ഉപവകുപ്പിൻകീഴിൽ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതുവരെ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളോ ആളുകളോ പ്രയോഗിക്കുകയും നിർവഹിക്കുകയും ചെയ്യേണ്ടതാണ് ;

(ഗ) അതോറിറ്റിയുടെ ഉടമസ്ഥാവകാശത്തിലും നിയന്ത്രണത്തിലുമുള്ള എല്ലാ സ്വത്തും (3)-ാം ഉപവകുപ്പിൻകീഴിൽ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതുവരെ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിലംഘനത്തിന്റെ കാലയളവ് അവസാനിക്കുന്നതിൻമേൽ കേന്ദ്രസർക്കാരിന്—

(ക) അതിന് ആവശ്യമാണെന്ന് തോന്നാവുന്ന ഒരു വർഷത്തിൽ കവിയാത്ത കൂടുതൽ കാലത്തേക്ക് അതിലംഘന കാലാവധി നീട്ടാവുന്നതും ;

(ഖ) പുതിയ നിയമനം വഴി അതോറിറ്റി പുനഃസംഘടിപ്പിക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ ഉദ്യോഗം ഒഴിഞ്ഞിട്ടുള്ള ഏതെങ്കിലും ആൾ നിയമിക്കപ്പെടുന്നതിന് അയോഗ്യനായി കരുതപ്പെടാവുന്നതുമല്ല :

എന്നാൽ, കേന്ദ്രസർക്കാരിന് (1)-ാം ഉപവകുപ്പിൻകീഴിൽ ആദ്യമേ നിർദ്ദേശിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഈ ഉപവകുപ്പിൻകീഴിൽ നീട്ടിയപ്രകാരമുള്ളതോ ആയാലും അതിലംഘന കാലാവധി അവസാനിക്കുന്നതിനു മുമ്പ് ഏതെങ്കിലും സമയത്ത് ഈ ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻ കീഴിൽ നടപടി എടുക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിലോ (3)-ാം ഉപവകുപ്പിൻകീഴിലോ പുറപ്പെടുവിച്ച വിജ്ഞാപനവും ഈ വകുപ്പിൻകീഴിൽ എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയുടെയും അങ്ങനെയുള്ള നടപടിയിലേക്ക് നയിച്ച സാഹചര്യങ്ങളുടെയും ഒരു പൂർണ്ണ റിപ്പോർട്ടും ആകുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഇരു സഭകളുടെയും മുമ്പാകെ കേന്ദ്രസർക്കാർ വയ്പിക്കേണ്ടതാണ്.

33. *നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്രസർക്കാരിനുള്ള അധികാരം.*—(1) ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കു ഭംഗംവരാതെ, അതോറിറ്റി, ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിന് നയപരമായ പ്രശ്നങ്ങളിന്മേൽ കേന്ദ്രസർക്കാർ ലിഖിതമായി അപ്പോഴപ്പോൾ നൽകാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾക്ക്, ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(2) ഒരു പ്രശ്നം നയപരമാണോ അല്ലയോ എന്നതിനെക്കുറിച്ചുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

34. *ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം.*—(1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(ക) അംഗങ്ങളുടെ ഉദ്യോഗ കാലാവധിക്കും മറ്റ് സേവന വ്യവസ്ഥകൾക്കും ;

(ഖ) ചെയർമാന്റെയും അംഗങ്ങളുടെയും അധികാരങ്ങൾക്കും കർത്തവ്യങ്ങൾക്കും ;

(ഗ) ഏതെങ്കിലും ദേശീയപാതയുടെ ആവശ്യങ്ങൾക്കോ ആവശ്യങ്ങൾ സംബന്ധിച്ചോ, കേന്ദ്ര സർക്കാരോ കേന്ദ്രസർക്കാരിനുവേണ്ടിയോ ചെലവഴിച്ച അനാവർത്തക ചെലവുകൾ ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ കേന്ദ്രസർക്കാർ അതോറിറ്റിക്കു നൽകിയ മൂലധനമായി കരുതപ്പെടണമെന്നുള്ളതിനും ;

(ഘ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ള മൂല്യത്തിനും തുകയ്ക്കും ;

(ങ) 19-ാം വകുപ്പിൻകീഴിൽ അതോറിറ്റി അതിന്റെ ബജറ്റും 22-ാം വകുപ്പിൻകീഴിൽ അതിന്റെ വാർഷിക റിപ്പോർട്ടും ഏത് ഫാറത്തിലും ഏത് സമയത്തിനുള്ളിലും തയ്യാറാക്കണമെന്നതിനും ;

(ച) 20-ാം വകുപ്പിൻകീഴിൽ അതോറിറ്റി അതിന്റെ നിധികൾ നിക്ഷേപിക്കേണ്ട രീതിയെക്കുറിച്ചും ;

(ഛ) അതോറിറ്റിയുടെ അക്കൗണ്ടുകൾ വച്ചുപോരുകയും ആഡിറ്റു ചെയ്യുകയും ചെയ്യേണ്ട രീതിക്കും 23-ാം വകുപ്പിൻകീഴിൽ ആഡിറ്റു ചെയ്ത അക്കൗണ്ടുകളുടെ പകർപ്പ് അതിൻമേലുള്ള ആഡിറ്റർമാരുടെ റിപ്പോർട്ടോടുകൂടി ഏതു തീയതിക്കു മുമ്പ് കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്നതിനും ;

(ജ) 30-ാം വകുപ്പിൻകീഴിലുള്ള പ്രവേശനാധികാരം വിനിയോഗിക്കുന്നതു സംബന്ധിച്ച ഉപാധികളും പരിമിതികളും കൂടാതെ ആ വകുപ്പിലെ (ച) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതികൾക്കും ;

(ഝ) ആവശ്യമായേക്കാവുന്നതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും കാര്യങ്ങൾക്കും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

35. *റഗുലേഷനുകൾ ഉണ്ടാക്കാൻ അതോറിറ്റിക്കുള്ള അധികാരം.*—(1) അതോറിറ്റിക്ക്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ഈ ആക്റ്റിനും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും അസംഗതമല്ലാത്ത, റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള റഗുലേഷനുകൾ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ വിഷയങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) അതോറിറ്റിയുടെ യോഗങ്ങൾക്കുള്ള സമയവും സ്ഥലങ്ങളും അങ്ങനെയുള്ള യോഗങ്ങളുടെ ബിസിനസ്സ്, നടത്തിപ്പിൽ പാലിക്കേണ്ട നടപടിക്രമവും ;

(ഖ) അതോറിറ്റി നിയമിക്കുന്ന ആഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനത്തിന്റെ നിബന്ധനകളും ഉപാധികളും റിക്രൂട്ടുമെന്റ് നടത്തേണ്ട രീതിയും പ്രതിഫലവും ;

(ഗ) ഒരു കരാറോ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട കരാറുകളോ അതോറിറ്റി ഏതു ഫാറത്തിലും രീതിയിലും ഉണ്ടാക്കണമെന്നതിനും ഏതെല്ലാം കരാറുകളും ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കരാറുകളും അതോറിറ്റിയുടെ പൊതുമുദ്രയാൽ മുദ്രണം ചെയ്യണമെന്നതും;

(ഘ) ദേശീയപാതകളുടെ ശരിയായ പ്രവർത്തനത്തിന് അവയിലെ തടസ്സങ്ങൾ നീക്കംചെയ്യേണ്ട രീതിയും;

(ങ) അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിലൊഴികെ ദേശീയപാതകളിൽ വാഹനമോ കാരിയേജോ പാർക്കുചെയ്യുന്നതും നിറുത്തിയിട്ടിരിക്കുന്നതും നിരോധിക്കേണ്ട രീതിയും;

(ച) ദേശീയപാതയുടെ ഏതെങ്കിലും ഭാഗത്തേക്കുള്ള പ്രവേശനം നിരോധിക്കുകയോ ക്ലിപ്തപ്പെടുത്തുകയോ ചെയ്യേണ്ട രീതിയും;

(ഛ) ദേശീയപാതകളിലും അതിന്റെ പരിസരങ്ങളിലും പരസ്യങ്ങൾ ക്രമപ്പെടുത്തുകയും പരിമിതപ്പെടുത്തുകയും ചെയ്യേണ്ട രീതിയും;

(ജ) സാമാന്യമായി ദേശീയപാതകൾ കാര്യക്ഷമമായും ശരിയായും സംരക്ഷിക്കുന്നതിനും മാനേജ് ചെയ്യുന്നതിനും.

36. ***വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.***—(1) കേന്ദ്രസർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവു വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും ആ വിഷമത നീക്കം ചെയ്യാൻ ആവശ്യമോ ഉചിതമോ ആണെന്നു തോന്നുന്നതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ടുവർഷക്കാലം കഴിഞ്ഞതിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അതു പുറപ്പെടുവിച്ചതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

37. ***ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.***—ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും റഗുലേഷനും അതുണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗം, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ, ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ, തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടുപിന്നാലെവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, ഇരു സഭകളും ആ ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിനോ റഗുലേഷനോ, അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിലോ റഗുലേഷൻകീഴിലോ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.